## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3807

11-11-2019 ൽ മറുപടിയ്ക്ക്

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ജെ.മാക്സി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ലീഡിങ് ഫയർമാൻ, ഡ്രൈവർ മെക്കാനിക് എന്നീ വിഭാഗം ജീവനക്കാരുടെ പ്രെമോഷൻ റേഷ്യോ എപ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | എ) ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക് വിഭാഗം ജീവനക്കാരിൽ നിന്നും 9:1 അനുപാതത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി വരുന്നു. |
| ബി) ഈ സർവ്വീസിൽ ലീഡിങ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ, ഫയർമാൻ എന്നീ സമാന സ്കെയിലുള്ള തസ്തികകളിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ പ്രസ്തുത സ്കെയിലിൽ ശമ്പളം വാങ്ങുന്നുവെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; | ബി) ഫയർമാൻ, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികകൾ 20000-45800 എന്ന സമാന ശമ്പള സ്കെയിലിലുള്ള തസ്തികകളും; ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക് എന്നീ തസ്തികകൾ 26500-56700 എന്ന സമാന ശമ്പള സ്കെയിലിലുള്ള തസ്തികകളുമാണ്. ഓരോ സ്കെയിലിലും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ഫയർമാൻ - 2250 പേർ<br>ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ -573 പേർ<br>ലീഡിംഗ് ഫയർമാൻ - 211 പേർ<br>ഡ്രൈവർ മെക്കാനിക്ക് - 50 പേർ |
| സി) വകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ വേണ്ടി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത തസ്തികകളുടെ സ്കെയിൽ പരിഷ്കരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) ശുപാർശ ചെയ്തിട്ടില്ല. |

| | |
|---|---|
| ഡി) ഫയർമാൻ ഡ്രൈവർ കം ഓപ്പറേറ്റർ തസ്തികയുടെ കുറവ് പരിഹരിക്കുന്നതിന് ലൈറ്റ് ഡ്യൂട്ടി ലൈസൻസ് ഉള്ള ഫയർമാൻ വിഭാഗം ജീവനക്കാർക്ക് കൂടി വാഹനം ഓടിക്കുന്നതിന് അനുമതി കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) ഇപ്രകാരം അനുമതി നൽകാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ